# വർണ്ണിക

*e Magazine*



ഗവൺമെൻറ് ടൗൺ ഹയർ സെക്കണ്ടറി സ്കൂൾ

കണ്ണൂർ

# വർണിക

## ഡിജിറ്റൽ മാഗസിൻ




### ഗവ:ടൗൺ ഹയർസെക്കണ്ടറി സ്കൂൾ കണ്ണൂർ



# പുതുനാമ്പിലുണ്ടേ
# പുത്തൻപ്രതീക്ഷകൾ
# അറിവിന്റെ വെമ്പലും
# താളവും സ്നേഹവും

## ആശംസകൾ

**ജ്യോതി .കെ** **ആയിഷ ടി.പി.**

(കൈറ്റ് മാസ്റ്റേർസ്)




'തിങ്കളും താരങ്ങളും

തൂവെള്ളിക്കതിർ ചിന്നും

തുംഗമാം വാനിൻചോട്ടി-

ലാണെന്റെ വിദ്യാലയം'

–ഒളപ്പമണ്ണ



# അക്ഷരപ്പച്ച

അക്ഷരംപൂത്തുതളിർക്കുമിടങ്ങളിൽ
നോവില്ല നേർത്ത വിഷാദമില്ല..
നന്മകൾചൊല്ലുന്ന വാക്കുംചിരിയുമായ്
എങ്ങും വെളിച്ചം തെളിഞ്ഞുനില്ക്കും.
അക്ഷരത്തോട്ടമാണെന്റെ വിദ്യാലയം
വേലികൾകെട്ടി മറയ്ക്കാത്തിടം..

എഡിറ്റോറിയൽ
**അശ്വിൻ സി**
**നകുൽ**

സാഹിൽ
ആൽഫ്രഡ് ജോ ദേവസ്യ
സിജിൽ
അനഘ





# മരം ഒരു വരം

## താളുകൾ മറിക്കുമ്പോൾ


മുഖമൊഴി.......................................................................8
തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.......................................................................9
കടം കഥകൾ.......................................................................10
പഴഞ്ചൊല്ലുകൾ.......................................................................11
मेरा कोलकाता.......................................................................12
DR. A PJ ABDUL KALAM.......................................................................13
ഉണ്ണിക്കുട്ടന്റെ തമാശകൾ.......................................................................14
കേരള പ്രളയം.......................................................................15
ഉള്ളൂർ എസ്.പരമേശ്വയ്യർ.......................................................................16
അമ്മുവിന്റ ദൈവം.......................................................................17
പ്രളയം.......................................................................18
Song Of A Dream.......................................................................19
Voltage.......................................................................20
ഓർമ്മച്ചിത്രങ്ങൾ.......................................................................23
നരകത്തിലും.......................................................................24
പ്രളയകാലത്തെ സാന്ത്വനസ്പർശം.......................................................................25
നമ്മുടെ പയ്യാമ്പലം നമ്മുടെ ക്യാമറയിലൂടെ.......................................................................28

# മുഖമൊഴി

**ഇത് ഞങ്ങളുടെ ആകാശസ്വപ്നങ്ങളുടെ വാക്കും വരയുമാണ്.**
**സാങ്കേതിക വിസ്മയങ്ങളുടെ നവമാധ്യമകാലത്ത്**
**വിരൽസ്പർശങ്ങളാൽ അക്ഷരങ്ങൾ കോർത്ത്**
**ഉള്ളിലുള്ളതും തമ്മിൽ പറഞ്ഞതും ചേർത്തുവച്ച്**

**ഒതുക്കി ഒരുക്കിയതാണിത്.**

**കൂട്ടുകാരുടെ കലാവൈഭവം**

**പങ്കുവെക്കാനായതിൽ സന്തോഷമുണ്ട്,**

**ഒപ്പം ഡിജിറ്റൽ ചുവടുവയ്പിന്റെ നേർത്ത ആശങ്കയും...**
**പക്ഷേ ഈ യാത്രയിൽ**
**എനിക്കൊപ്പം**
**നിങ്ങളുടെ പ്രോത്സാഹനവും ഉണ്ടാകുമെന്ന പ്രതീക്ഷ**

**കൈവിടുന്നില്ല..**
**കാലം കുതിക്കുമ്പോൾ വെയിലേറ്റ് നില്ക്കുമ്പോൾ**
**വർണ്ണവരികളുള്ള**

**ഈ വർണിക സ്വീകരിക്കുക... നിങ്ങൾക്കായി സമർപ്പിക്കുന്നു...**

**സ്വീകരിക്കുക...**

**അശ്വിൻ സി**
എഡിറ്റർ



# തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

**ജനനം:1495 തുഞ്ചൻപറമ്പ്, തിരൂർ, മലപ്പുറം**
**മരണം:1575**

**ആധുനിക മലയാളഭാഷയുടെ പിതാവ്** എന്നു വിശേഷിപ്പിക്കപ്പെടുന്ന ഭക്തകവിയാണ് **തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ.** അദ്ദേഹം പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലായിരു ന്നിരിക്കണം ജീവിച്ചിരുന്നത് .എങ്കിലും പതിനാറാം നൂറ്റാണ്ടാണ് ഇദ്ദേഹത്തിന്റെ ജീവിത കാലഘട്ടം എന്ന് പൊതുവിൽ വിശ്വസിച്ചു പോരുന്നു.എഴുത്തച്ഛന്റെ യഥാർത്ഥ നാമം രാമാനുജൻ എന്നും കൃഷ്ണൻ എന്നും ചില വിദഗ്ധർ അഭിപ്രായപ്പെട്ടുകാണുന്നുണ്ട്. എഴുത്തച്ഛന്റെ യഥാർത്ഥ നാമം 'തുഞ്ചൻ'(ഏറ്റവും ഇളയ ആൾ എന്ന അർത്ഥത്തിൽ) എന്നായിരുന്നു എന്ന് തുഞ്ചൻപറമ്പ് എന്ന സ്ഥലനാമത്തെ അടിസ്ഥാനമാക്കി കെ.ബാലകൃഷ്ണകുറുപ്പ് നിരീക്ഷിക്കുന്നു. ഇന്നത്തെ മലപ്പുറം ജില്ലയിലെ തിരൂർ,തുഞ്ചൻപറമ്പ് ആണ് കവിയുടെ ജന്മസ്ഥലം എന്ന് വിശ്വസിക്കപ്പെടുന്നു.അബ്രാഹ്മണനായിട്ടും വേദപഠനവും സംസ്കൃതപഠനവും തരമാക്കിയ രാമാനുജൻ എഴുത്തച്ഛൻ, നാനാദിക്കിലേക്കുള്ള ദേശാടനങ്ങൾക്കു ശേഷം ചിറ്റൂരിൽ താമസമാക്കി എന്നു കരുതപ്പെടുന്നു.

ALFRED JEO DEVASIA
9-B

# **കടം കഥകൾ**

1.അകം എല്ലും തോലും പുറം പൊന്തും പൊന്തും?

വൈക്കോൽ തുറു

2.അകത്തിരിപ്പോനെ പുറത്തു കാട്ടും കണ്ണാടി?

മുഖം

3.അകത്തേക്കു പോകുമ്പോൾ പച്ച പുറത്തേക്ക് വരുമ്പോൾ ചുവപ്പ് ?

വെറ്റില മുറുക്ക്

4.അങ്ങേ വീട്ടിലെ മുത്തശ്ശിക്ക് ഇങ്ങേ വീട്ടിൽ മുറ്റമടി?

മുളയുടെ തലപ്പ്

5.അക്കരെ നിൽക്കും കൊമ്പൻ കാളയ്ക്ക് അറുപത്തിനാലുമുടിക്കയറ് ?

കുമ്പളവള്ളി

6.അകത്ത് തിരിയിട്ടു പുറത്ത് മുട്ടയിട്ടു?

കുരുമുളക്

7.അച്ഛൻ മുള്ളൻ,അമ്മ മിനുമിനു,മോൾ മണിമണി?

ചക്ക

8.അങ്ങോട്ടോടും ഇങ്ങോട്ടോടും നേരെ നിന്ന് സത്യം പറയും?

ത്രാസ്

9.അകമില്ലാ പുറമില്ലാ ഞെട്ടില്ലാ വട്ടയില? പപ്പടം

10.അക്കരെ നില്ക്കും കൊക്കമ്പി,ഇക്കരെ നിൽക്കും കൊക്കമ്പി,കടലിൽ ചാടും കൊക്കമ്പി. സൂര്യൻ

സ്നേഹ.എം
9-B

# പഴഞ്ചൊല്ലുകൾ

- അകപ്പെട്ടാൽ പുലി പൂച്ച
- ആറിയ കഞ്ഞി പഴങ്കഞ്ഞി
- ഇല ചെന്ന് മുള്ളിൽ വീണാലും മുള്ള് ചെന്ന് ഇലയിൽ വീണാലും ഇലയ്ക്കാണ് കേട്
- ഉപ്പുതൊട്ട് കർപ്പൂരം വരെ
- കാര്യം കാണാൻ കഴുതക്കാലും പിടിക്കണം
- കൈവിട്ട കല്ലും വായ് വിട്ട വാക്കും
- ഗുരുവില്ലാത്ത വിദ്യാലയം
- ചങ്കെടുത്തു കാട്ടിയാലും ചെമ്പരത്തിപ്പൂവ് എന്നേ പറയൂ
- താൻ പാതി ദൈവം പാതി
- പൂച്ചയ്ക്ക് വിളയാട്ടം എലിക്ക് പ്രാണവേദന
- മടിയൻ മല ചുമക്കും
- മുഖം നന്നാവാത്തതിന് കണ്ണാടി ഉടച്ചിട്ട് കാര്യമില്ല
- രണ്ടും കെട്ടവനെന്തും കാട്ടും
- വരാനുള്ളത് വഴിയിൽത്തങ്ങില്ല
- വിത്തുഗുണം പത്തുഗുണം
- വീണാൽ ചിരിക്കാത്തവനും ചത്താൽ കരയാത്തവനും ചങ്ങാതിയല്ല
- ശുക്രദശയിൽ സുഖിക്കാത്തവനും ആദിത്യദശയിൽ അലയാത്തവനും ഇല്ല

സമ്പാദകൻ:സിജിൽ.കെ
9B

# मेरा कोलकाता

- कोलकाता एक अच्छा शहर है| वहाँ के लोग बंगाली है और वे बंगाली भाषा बोलते है| कोलकाता मे कुछ जगह बहुत प्रसिध्द है जैसे -
  बैंडेल चरज, हावड़ा ब्रिज, निंको पारक, दक्शीनेस्वर काली मंदिर और विक्टोरीया मेनोरीअल आदि| कोलकाता का प्रसिध्द पकवान है लुची आलुदम, समोसा, रसगुल्ला
  और पानी पुरी आदि कोलकाता मे कुछ पुजा होता है जेसै - दुर्गा पुजा, काली पुजा और सरसवती पुजा आदि होती है| यही सारे पुजा हम बहुत अच्छी तरह से मनाते है| इस पुजा
  मे हम सब नये नये कपड़े पहन कर घुरने जाते है| कोलकाता मे बहुत अच्छे अच्छे होटल भी है जहाँ अच्छे अच्छे पकवान बनते है| और कोलकाता मे एक चीज अच्छी है कि, वँहा कुछ जगह पर पानी की कमी नही है| कोलकाता मे बहुत सारे रेलवे स्टेशन है जैसे- हावरा स्टेशन, भदेस्वर स्टेशन, दम दम रेलवे स्टेशन और लीलुआ स्टेशन आदि|

बिबेक दास
9B

# DR. A PJ ABDUL KALAM

DR APJ ABDUL KALAM was a missile man of INDIA. He is popularly known as peoples president of INDIA. AVUL PAKIR JAINULABUDEEN ABDUL KALAM. He was a great scientist 11$^{th}$ president of INDIA. HE WAS BORN IN RAMESWARAM Tamilnadu in a poor tamil muslim family 15$^{th}$ of october in 1931 to the jainulabudeen ashiamna. He started supporting his family financially in his early age he has completed his graduation from the st joseph collage tiruchirappali in 1954 and aerospace engineering from the madras institute of technology chennai in1960

he joined the DRDO (defense research and devolepment organization) as a scientist where he desigened a small helicopter for the indian army. He also worked under Dr.vikram sarabai as part of INCOSPAR committee.later he joined the indian space research orginization (ISRO) in 1969 as project director of India's first indigenous satellite launch vehicle. Because of his great contributions for the devolepment of ballisti missiles in india. He will be forever known as the "missile man of india" the successful pokhran-2 nuclear tests of 1998 have also involved his important role .he has been the third president of india who awarded with the bharat ratnan (first Dr.sarvapali radhakrishnan 1954 and second Dr.zakir hussain 1963) he has also been awarded with the padmabhushan in 1981and padmavibhushan in 1990 for his contribution at ISRO and DRDO as well as the goverment of india as a scientific advisor. He has written many books such as wings of fire ,Ignited minds, target 3 million in 2011, turning points, India2020 ,my journey etc.

sreeshna
9B

# ഉണ്ണിക്കുട്ടന്റെ തമാശകൾ

- പിതാവ് മകനോട് :“ഒരു ജോലിയും വൃത്തിയായി ചെയ്യാൻ നിന്നെക്കൊണ്ടാവില്ല, തലതിരിഞ്ഞവൻ!”
  മകൻ: “പക്ഷെ, മുത്തച്ഛൻ പറയുന്നത് മറ്റൊന്നാണല്ലോ?”
  പിതാവ്: “അതെന്താണ്?”
  മകൻ: “നീ കഴുതയുടെ കുഞ്ഞാണെന്നാണ് മുത്തച്ഛൻ പറയാറ്.”

- അധ്യാപകൻ ഉണ്ണിക്കുട്ടനോടു ചോദിച്ചു:
  “ഉണ്ണിക്കുട്ടന് അച്ഛൻ മാസം 200 രൂപ വെച്ച് ഒരു വർഷം തരികയാണെന്ന് വിചാരിക്കുക. എങ്കിൽ ഒരു വർഷമാകുമ്പോൾ എന്താകും?”
  ഉണ്ണിക്കുട്ടൻ: “200 രൂപ”
  അധ്യാപകൻ: “വെറും ഇരുന്നൂറോ?”
  ഉണ്ണിക്കുട്ടൻ: “ബാക്കിയെല്ലാം ചെലവായി കാണും.”
  അധ്യാപകൻ: “എങ്ങിനെ?
  ഉണ്ണിക്കുട്ടൻ: “ഒരു റേഡിയോ, അച്ഛന് മുണ്ടും ഷർട്ടും,അമ്മയ്ക്ക് നല്ലൊരു സാരിയും.”

- അഞ്ചു വയസ്സുകാരി സൗമ്യമോൾ ഉടഞ്ഞ പാവയേയും പിടിച്ച് കരയുകയായിരുന്നു.
  അമ്മ അവളോട് ചോദിച്ചു.“നീയെന്തിനാ കരയുന്നത് മോളെ?”
  സൗമ്യമോൾ കരഞ്ഞുകൊണ്ട് മറുപടി കൊടുത്തു:
  “ഹാപ്പി എന്റെ പാവയുടെ കാലൊടിച്ചു.”
  “എങ്ങനെ?”
  “ഞാൻ പാവകൊണ്ട് ഹാപ്പിയുടെ തലയ്ക്ക് ഇടിച്ചായിരുന്നു.”

- ക്രിക്കറ്റ് കളിച്ചു നിന്നിരുന്ന മകൻ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തെത്തി.
  “നീയെന്തിനാ കരയുന്നത് മോനെ?”
  “ആ കിഴക്കേതിലെ ജെയിംസുകുട്ടി എന്നെ അടിച്ചു.”
  “എന്നിട്ട് ജെയിംസുകുട്ടി എവിടെ?”
  “ജെയിംസുകുട്ടിയെ അവന്റെ അമ്മ ആശുപത്രിയിൽ കൊണ്ടു പോയിരിക്കുകയാണ്.”

സിജിൽ.കെ

# കേരള പ്രളയം

ലേഖനം

**പി**ന്നിട്ട 2018 ലെ ഒരു വൻ ദുരന്തമായിരുന്ന പ്രളയം.ഈ ദുരന്തത്തിനിരയായവർ പലരുണ്ട് അതിൽ മനുഷ്യർ മാത്രമല്ല വീട്ടിൽ കൂട്ടിൽ കെട്ടിയിട്ട മൃഗങ്ങളും പല പല വീടുകളും വാഹനങ്ങളും അതുപോലെ പലതും ഇരയായിട്ടുണ്ട് ഓരോ നിമിഷവും കഴിയുമ്പോ ഴും വെള്ളം കൂടാൻ തുടങ്ങും ആ വെള്ളം പല ആളുകളെയും ഭയപ്പെടുത്തി .ലക്ഷങ്ങൾക്ക് അവരുടെ വീടിന്റെ ഉള്ളിൽ വരെ ജലം പ്രവേശിച്ച് വീട്ടിലെ പല സാധനങ്ങളും തകരാറിലായി. ധാരാളം പേർ വീട്ടിൽ കുടുങ്ങി വിടവാങ്ങി.പക്ഷേ പലരും പ്രതീക്ഷകൈവിടാതെ മൊബൈൽ ഫോൺ വഴി സഹായം ചോദിക്കുകയും പിന്നീട് സഹായത്തിനായി ആർമിയും നേവിയും എത്തിച്ചേരുകയും ദുരന്തത്തിൽ പെടാനിരുന്നവരെ രക്ഷപ്പെടുത്തുകയും ചെയ്തു.അതു പോലെ തന്നെ മലയാളസിനിമയിലെ നടൻ ടൊവീനോ തോമസും സഹായത്തിനായി എത്തുകയും



തന്നാൽ ആവുന്ന സഹായം ചെയ്ത് തീർക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ജാതിയും ചെയ്യുന്ന ജോലിയും നോക്കി മാത്രം വിലയിരുത്തുന്ന ചിലർക്കായി ഒരു ശക്തമായ തിരിച്ചടിയായി മാറിയ മത്സ്യതൊഴിലാളികളെ കേരളത്തിലെ ആരും മറക്കാൻ പാടില്ല.അതിസാഹസികമായിരുന്ന അവരുടെ യാത്ര. മറ്റു ജനങ്ങളെ സുരക്ഷിതമായ സ്ഥലത്ത് കൊണ്ടുപോകാനുള്ള ബോട്ടിന്റെ പടിയായി തന്റെ ഉടൽ കുനിച്ച് കൊണ്ട് ജനങ്ങളെ ജീവിതത്തിന്റെ ചവിട്ടുപടിയായി സ്വീകരിച്ച് മലപ്പുറത്തിന്റെ സ്വന്തം കെ.പി ജൈസാൽ എന്നിവരെയൊന്നും കേരളത്തിലെ പ്രളയം അനുഭവിച്ച ജനങ്ങൾക്ക് അത്ര പെട്ടെന്ന് മറക്കാൻ സാധിക്കുകയില്ല. നമ്മളെ പ്രളയത്തിൽ നിന്നും കരകയറ്റാൻ സഹായിച്ച ആർമിക്കും നേവിക്കും മത്സ്യതൊഴിലാളികൾക്കും

ഒരായിരം നന്ദി...

ആനന്ദ് മോഹൻ
10-B

ജീവചരിത്രകുറിപ്പ്



# ഉള്ളൂർ എസ്.പരമേശ്വയ്യർ

(1877-1949)

ചങ്ങനാശ്ശേരിയിൽ ജനനം. കവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ, നിരൂപകൻ,പത്രാധിപൻ, തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമകേരളം (മഹാകാവ്യം), കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ), കർണഭൂഷണം,പിംഗള, ചിത്രശാല, താരാഹാരം,തരംഗിണി,കല്പശാഖി,അമൃതധാര,അംബ മുതലായ കൃതികൾ രചിച്ചു.ആധുനിക കവിത്രയത്തിലെ ഉജ്ജ്വലശബ്ദാഢ്യൻ. പ്രേമസംഗീതത്തിലൂടെ ഭാരതത്തിന്റെ സന്ദേശം എല്ലായിടത്തും എത്തിച്ചു.ഭാരതീയദർശനത്തിന്റെ ഉജ്ജ്വല മാതൃകയാണ് പ്രേമസംഗീതം.വിളക്ക കൈവശമുള്ളവനെങ്ങും വിശ്വംദീപമയം നന്മമനസ്സിൽ വിളങ്ങിന ഭദ്രന് മേന്മേൽ അമൃതമയം എന്ന സന്ദേശം നമ്മുക്ക് നൽകി.1892 ൽ വിവാഹം കഴിച്ചു.ഭാര്യ അനന്തലക്ഷ്മി.മഹാപണ്ഡിതനായിരുന്ന സാഹിത്യസേവനം ആദരവോടെ ഓർക്കേണ്ടതാണ്.പണ്ഡിതന്റെ - കവിതയാണ് ഉള്ളൂരിന്റേത്.പലതവണ പരീക്ഷാ സമിതികളിലും പാഠപുസ്തക കമ്മിറ്റിയിലും അംഗമായിരുന്നു. ശരിയായ പേര് സാംബശിവൻ എന്നായിരുന്നു.

നകുൽ.എ.എം
9A

# അമ്മുവിന്റ ദൈവം

കഥ

ഒരിടത്തൊരിടത്ത് അമ്മു എന്ന കുട്ടി ഉണ്ടായിരുന്നു. അവളൊരു കുടിലിലായിരുന്നു ജീവിച്ചിരുന്നത്.അവൾക്ക് അമ്മയോ അച്ഛനോ ഉണ്ടായിരുന്നില്ല.അവൾ സ്വയം അധ്വാനിച്ച് ഒപ്പം പഠിക്കാനും പൈസ കണ്ടെത്തി.അവൾക്ക് വിറക് വിൽക്കലായിരുന്നു ജോലി കാട്ടിൽ നിന്ന് വിറക് ശേഖരിച്ച് ചന്തയിൽ കൊണ്ടുപോയി വിൽക്കും.അവർക്ക് സ്കൂളിൽ ആരും കൂട്ടുകാർ ഉണ്ടായിരുന്നില്ല.അവളെ ആർക്കും ഇഷ്ടമല്ല.അത് അവൾക്ക് സഹിക്കാൻ കഴിയില്ല.അവൾക്ക് അവളുടെ ജീവിതം തന്നെ മടുത്തു.എപ്പോഴും അവൾ ദൈവത്തിനോട് പറയും എനിക്ക് ഈ ഭൂമിയിൽ ജീവിക്കേണ്ട ദൈവമേ.ഒരു ദിവസം അവൾ വിചാരിച്ചു മരിക്കാം എന്ന് അവൾ തീയിൽ ചാടി ചാകാൻ ഒരുങ്ങുമ്പോൾ ഒരു വിളി വന്നു. മകളെ മരണം ഇതിനൊന്നും പരിഹാരമാവുന്നില്ല.ആരുമില്ലാത്ത നിനക്ക് ദൈവമുണ്ട് അതുകൊണ്ട് നീ മരിക്കരുത്.ആത്മവിശ്വാസം കൈവിടാതെ നീ ഇനിയും ജീവിക്കണം. ദൈവമേ എനിക്കു നീ കൂട്ടുകാരനായുണ്ട്.അതുകൊണ്ട് പേടിക്കുന്നില്ല.അങ്ങനെ അമ്മു സുഖമായി ജീവിച്ചു.അങ്ങനെ അവൾ ആത്മവിശ്വാസം കൈവിടാതെ ജീവിച്ചു.

അനാമിക.പി
8-A

# പ്രളയം




ലോകം കണ്ട ഏറ്റവും വലിയ പ്രളയം.
ഇതിൽ നശിച്ചത് എത്രയോ കോടി-
പ്പേരുടെ ജീവിതം.
എത്രയൊപേർക്ക്നഷ്ടപ്പെട്ടത്
വീടും, ജീവിതവും.മഴ വന്നത് ഒരു കാലനെ പ്പോലെ.മഴ കൊണ്ടു
പോയത് എത്രയൊ പേരുടെജീവൻ .കേരളം അന്നാണ് പ്രളയ
കേരളത്തെ കണ്ടത്. അത് കേരളത്തെനശിപ്പിച്ചു.കോടി-
കണക്കിന് ജീവൻ നശിച്ചു.ആ പ്രളയത്തിലൂടെ കേരളംപാടംപഠി-
ച്ചു.അന്ന് ജാതി മതം അങ്ങനെ യൊന്നും ഉണ്ടായിരുന്നില്ല.എല്ലാ-
വരും ഒരുമിച്ചായിരുന്നു കഴിന്നിരുന്നത്.അന്ന് അവരൊക്കെ ഒറ്റ-
ക്കെട്ടായിരുന്നു.അവരെ രക്ഷിക്കാൻ
വന്നത് നിരവധി പോലിസ് കാരും
ലൈഫ് ഗാർഡ്സും.ഇന്ത്യൻ ആർമി
യും.അവർ രക്ഷിച്ചു കേരളത്തെ എന്ന്
പറയാം.എല്ലാവർക്കും ഒരു പാഠ
മാണ് ഈ പ്രളയം



രക്ഷിക്കാം നമ്മുക്കീകേരളത്തെ...

നകുൽ.എ.എം
9 A

Appreciation

# Song Of A Dream

This is the beautiful poem by Sarojini Naidu.  She is also know as the Nightingale of India.Her major contributions in the field of poetry were beautiful poems that coid also be sung.

All of us dream of a world where we can always enjoy the warmth of love , peace and truth. But it still remains as a dream. In this poem the poet takes us to a magical wood where we meet the of love,peace and truth.

In her dream, vision came one after another like poppy. The spirits of truth appeared to her as birds that song the spirits of love came to her as stars that glowed. The spirits of peace flowed to her as streams.

While in the magical glove the poets felt the star of the spirits of love gather round her. She could hear the song of the spirits truth. She bent by the stream of the spirits of peace to quench her longing for serenity.

The beautiful visual images of poppy flower, glowing Star and flowing streams and her beding low to the streams make the poem impressive by giving clarity to the discreption. The rhymes and allitration add much lyrical qualities to the poem.

Vismaya K
9 A

# Voltage

**Voltage**, **electric potential difference**, **electric pressure** or **electric tension** is the difference in electric potential between two points. The difference in electric potential between two points (i.e., voltage) in a static electric field is defined as the work needed per unit of charge to move a test charge between the two points. In the International System of Units, the derived unit for voltage is named *volt*. In SI units, work per unit charge is expressed as joules per coulomb, where 1 volt = 1 joule (of work) per 1 coulomb (of charge). The official SI definition for *volt* uses power and current, where 1 volt = 1 watt (of power) per 1 ampere (of current).This definition is equivalent to the more commonly used 'joules per coulomb'. Voltage or electric potential difference is denoted symbolically by $\Delta V$, but more often simply as $V$, for instance in the context of Ohm's or Kirchhoff's circuit laws.

Electric potential differences between points can be caused by electric charge, by electric current through a magnetic field, by time-varying magnetic fields, or some combination of these three. A voltmeter can be used to measure the voltage (or potential difference) between two points in a system; often a common reference potential such as the ground of the system is used as one of the points. A voltage may represent either a source of energy (electromotive force) or lost, used, or stored energy (potential drop).

GOVIND ANITHKUMAR



രാഹുൽ 8A




Vyshanuka






# ഓർമ്മച്ചിത്രങ്ങൾ





കഥ

# നരകത്തിലും

പവിത്രൻ മണാട്ട്

എടുത്തെറിയപ്പെട്ടത് നരകത്തിലെ ഗ്രാമത്തിലേക്കാണെന്ന് മനസ്സിലായി. വീഴ്ചയുടെ ആഘാതത്തിൽ കുറേ കിടന്നു. ചുറ്റും മൂടലും മങ്ങലും. ഇത്തിരി ഭാഷയും അത്രത്തോളം ചിന്തയും അവശേഷിക്കുന്നത് അറിഞ്ഞ് കുറച്ച് സന്തോഷംതോന്നി. മടി മാറിയപ്പോൾ പതുക്കെ എഴുന്നേൽക്കാമെന്നായി. അപ്പോൾ തൊട്ടടുത്ത് ആരോവന്നുവീണു. നോക്കുമ്പൊഴുണ്ട് നല്ല പരിചയം. അതവളായിരുന്നു. നെഞ്ചത്തെ മിടിപ്പിനൊപ്പം ഉയർന്ന് 'ആഹ്ലാദം' എന്നോ മറ്റോ ഒരു വാക്ക് മിന്നിമറിഞ്ഞ് പോയി. കൊതി പിന്നെയും അനുഭവിക്കുന്നു. ആ സൗന്ദര്യം ഒന്നൂടി കാണാനായല്ലോ. അങ്ങനെ കിടക്കെ സ്വസ്ഥത കുറയുന്നത് അറിയാനായി . കാരണത്തിന് പരതുമ്പോൾ ഒന്നു മനസ്സിലായി മൊബൈലെടുത്തിട്ടില്ല. സെൽഫി എന്ന വാക്ക് തിക്കി തിക്കി വന്നു. സങ്കടം കൊണ്ട് മരിക്കുമെന്നായി. നിരാശ മൂത്ത് പതുക്കെ എഴുന്നേൽക്കാൻ ശ്രമിച്ചു. പറ്റുന്നില്ല. പിന്നെ ഒന്നു കമിഴ്ന്നു. കൈകാലിട്ടടി ച്ചു..മുട്ടുകുത്തി തെന്നി.. ഊര വച്ച് നിവർന്നു. പിടിക്കാനില്ല ഇടം. നോക്കുമ്പോഴതാ അവളും എണീക്കാൻ ശ്രമിക്കുന്നുണ്ട്. നിരങ്ങി നീങ്ങി അവൾക്ക് നേരെ കൈനീ ട്ടി. ഒര് മടിയുമില്ലാതെ.. അവൾ വിരലിൽ പിടിച്ച് ...കൈയിൽ പിടിച്ച് ..മുട്ടുകുത്തി വലിഞ്ഞ് ...ഒരുമിച്ച് നിവർന്നു. "കൊതിയാ.., ഇപ്പൊഴും ഇഷ്ടമുണ്ടല്ലേ. ഒളിച്ചൊളിച്ച് നോക്കുന്നത് ഞാൻ കാണാറുണ്ട്. തിരിച്ച് നോക്കണംന്ന് ണ്ടായിരുന്നു. പേടിച്ചിറ്റ് പറ്റാണ്ടാ യിപ്പോയി.ആഹ്ലാദം എന്ന വാക്ക് ശരിക്കും തോന്നി. " അവളുടെ കൈ കോർത്ത് പിടിച്ച് നടന്നു. നരകത്തിലെ ഗ്രാമം സുന്ദരമായി തോന്നി. അധ്വാനിക്കുന്ന മനുഷ്യർ ഒന്നും ശ്രദ്ധിക്കാതെ പാറയുടയ്ക്കുകയും ഭാരം വലിക്കുകയും ചെയ്യുന്നു.അവർക്കൊപ്പം ചേരാത്തതിൽ നാണക്കേട് തോന്നി. വായ്നോക്കികളോ സദാചാരക്കാരോ ഇല്ലാത്തതിനാൽ സമാധാനം. അവളുടെ പിടിവിട്ടില്ല. പിന്നെയും അസ്വസ്ഥത വരുന്നു. മൊബൈൽ എടുത്തിട്ടില്ല. എവിടെങ്കിലും ഒരു ഇന്റർനെറ്റ് കഫെ. നഗരം അന്വേഷിച്ച് നടന്നു. വിശപ്പ് ദാഹം എന്നീ വാക്കുകൾ തലയിൽ മിന്നി.ഗ്രാമം കടന്നപ്പോൾ ആശ്വാസമായി .ആദ്യം കണ്ട കഫെയിലേക്ക് ഓടിക്കയറി. ഫേസ്ബുക്ക് തുറന്നു. ശവമടക്കിന്റെ ഫോട്ടോവിൽ കുറച്ചാളുകൾ മാത്രം. ഇനിഓർമ്മ..എന്ന അടിക്കുറിപ്പിട്ട ഫോട്ടോയ്ക്ക് എട്ട് ലൈക്ക് .നിരാശ തോന്നി.ചത്താമതീന്നും ..

# പ്രളയകാലത്തെ സാന്ത്വനസ്പർശം

*2018 കേരള ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ടത് പ്രളയം വിതച്ച ദുരന്തം കൊണ്ടുകൂടിയാണ്. കേരള മനസാക്ഷി ഞെട്ടലോടെയാണ് ദുരന്തവാർത്ത കേട്ടത്. പക്ഷേ, പിന്നീട് തങ്ങളുടെ സഹോദരങ്ങളുടെ രക്ഷയ്ക്കും പുനരധിവാസത്തിനുമായി ജനങ്ങൾ ഒന്നടങ്കം ഉണർന്നു പ്രവർത്തിക്കുകയായിരുന്നു. സർക്കാർ സംവിധാനങ്ങൾക്കൊപ്പം ജാതി -മത -രാഷ്ട്രീയ വേലിക്കെട്ടുകളെല്ലാം തകർത്ത് കൈകോർത്തു പിടിച്ച് കേരളത്തെ പ്രളയജലത്തിൽ നിന്ന് കോരിയെടുത്തു. തെക്കൻ ജില്ലകളിൽ ഭീകരനാശം വിതച്ച പ്രളയം അവശേഷിപ്പിച്ച മുറിവുകൾ ഇനിയും പൂർണമായും ഉണങ്ങിയിട്ടില്ല. കേരളത്തിന്റെ ആരാധ്യനായ ബഹുമാനപ്പെട്ട ശ്രീ മുഖ്യമന്ത്രി പിണറായി വിജയൻ അവർകളുടെ കരുത്തുറ്റ നേതൃത്ത്വത്തിൽ പ്രളയാനന്തര കേരളത്തിന്റെ പുനർനിർമിതി സാധ്യമാക്കുകയാണ്. മത്സ്യതൊഴിലാളികളും വിവിധ സർക്കാർ വകുപ്പുകളും അണിനിരന്ന രക്ഷാപ്രവർത്തനങ്ങൾക്കു ശേഷം ക്യാമ്പുകളിലേക്ക് മാറ്റപ്പെട്ടവരെല്ലാം അവരവരുടെ വീടുകളിലേക്ക് എത്തിയിട്ടുണ്ട്. വീടു നഷ്ടപ്പെട്ടവർക്ക് സർക്കാർ വളരെ വേഗം വീട് നിർമ്മിച്ചു നൽകുകയാണ്. പ്രളയകാലത്ത് പുനരധിവാസ പ്രവർത്തനങ്ങളിൽ അധ്യാപകരും പങ്കാളികളായിട്ടുണ്ട്. പ്രതീക്ഷകൾ നഷ്ടപ്പെട്ട് മനസ്സുതകർന്നവർക്ക് ആശ്വാസമായി കൗൺസിലിങ്ങിൽ പങ്കെടുത്ത അധ്യാപകനും അധ്യാപികയും നമ്മുടെ സ്കൂളിലുണ്ട്. പ്രിയപ്പെട്ട മലയാളം അധ്യാപകർ പവിത്രൻ സാറും ശൈലജ ടീച്ചറും അവർ തങ്ങളുടെ അനുഭവങ്ങൾ അശ്വിനുമായി ഇവിടെ പങ്കുവെയ്ക്കുന്നു.*

***അശ്വിൻ : പ്രളയാനുഭവത്തിന്റെ ദുരിതകാലം പിന്നിട്ട നമ്മൾ പ്രകൃതിയിൽ നിന്നു പലതും പഠിച്ചു കൊണ്ടിരിക്കുകയാണല്ലൊ . പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കെടുത്തവർ എന്ന നിലയിൽ പ്രളയം നൽകിയ അനുഭവങ്ങൾ ഒന്നു പങ്കുവെയ്ക്കുമോ ?***

***പവിത്രൻ സാർ :*** ***കേരളം മുമ്പുകണ്ടിട്ടില്ലാത്ത വിധം പ്രഹരശേഷിയുള്ളതായിരുന്നു നേരിട്ട പ്രളയം . മത്സ്യതൊഴിലാളികളുടെ സമുദ്ര ജ്ഞാനത്തിന്റെയും ജലപാഠങ്ങളുടെയും പിൻബലത്തിലാണ് നാം അതിൽ നിന്ന് കൂടുതൽ പരിക്കില്ലാതെ നീന്തിക്കയറിയത്. അവശേഷിച്ച ജീവിതം നെഞ്ചോട് ചേർത്ത്പിടിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവരെ സന്ദർശിക്കുകയുണ്ടായി - നാട്ടിലെ സുഹൃത്തുക്കളുമായി ചേർന്ന് അവശ്യ സാധനങ്ങൾ ശേഖരിച്ച് ക്ലാസുകളിൽ എത്തിക്കുകയായിരുന്നു ആദ്യം ചെയ്തത്. വയനാട്ടിലെ തോട്ടം തൊഴിലാളികൾ  പട്ടിണിയിലായിരുന്നു അവർക്കും ഭക്ഷ്യവിഭവങ്ങൾ എത്തിച്ചു കൊടുക്കുകയുണ്ടായി***

***ശൈലജ ടീച്ചർ : പ്രളയത്തിന്റെ ആഘാതത്തിൽ വയനാട്ടിലേക്കുള്ള റോഡ് മാർഗമുള്ള യാത്ര തടസ്സപ്പെട്ടിരുന്നു അതുകൊണ്ട് അവർക്ക് അത്യാവശ്യം വേണ്ടുന്ന സാധനങ്ങൾ വാങ്ങാനുള്ള പണം ഭാരത് ടെക്സ്റ്റൈൽ എന്ന സ്ഥാപനത്തിന് അയച്ച് കൊടുക്കുകയാണ് ആദ്യം ചെയ്തത്  അതിന് ശേഷം കൽപറ്റയും പരിസരവും വൃത്തിയാക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെട്ട മാനസീകാഘാതം കുട്ടികളുടെ ഉത്സാഹം കെടുത്തി മുതിർന്നവരിൽ പലരുടെയും സംസാരശേഷി നഷ്ടപ്പെട്ടുപോയിരുന്നു പലരുടെയും ബന്ധുക്കൾ മരിച്ചുപോയിരുന്നു ഇനി ജീവിതത്തിൽ ഒന്നും പ്രതീക്ഷിക്കാനില്ല .***

***അശ്വിൻ :  രണ്ടു പേരും പ്രളയാനന്തരം മാനസീകസഹായം വേണ്ടവർക്ക് നൽകാനായി പോകുകയുണ്ടായല്ലോ ?  അതിന്റെ പശ്ചാത്തലവും അനുഭവവും എന്തായിരുന്നു ?***

*പവിത്രൻ സാർ :  ഹെൽത്ത് മിഷൻ കണ്ണൂർ ,  ഹൃദയാരാം കൗൺസിലിങ് സെന്റർ  എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലായിരുന്ന പ്രളയാനന്തര കൗൺസിലിങ് നടന്നത് . ദുരന്തമുഖത്ത് പകച്ച്നിന്ന് പോയവരുടെ*

മാനസീകാഘാതം പരിഹരിക്കലായിരുന്നു ലക്ഷ്യം ആലപ്പുഴ-കുട്ടനാട്, എറണാകുളം -പറവൂർ ഭാഗങ്ങളിലാണ് കൗൺസിലിങ് സംഘം ചെന്നത്. കണ്ണൂരിലെ ഡോ . ലത്തീഷിന്റെയും ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രി ശൈലജ ടീച്ചറുടെ മാർഗനിർദേശത്തിൽ ഹൃദയാരാം ഡയരക്ടർ സിസ്റ്റർ ട്രീസ പാലക്കൽ നേതൃത്വം നൽകിയ സംഘത്തിൽ പരിശീലനം സിദ്ധിച്ച 40 പേർ ഉണ്ടായിരുന്നു . പ്രളയത്തിൽ വീട് തകർന്നവർ ഒറ്റപ്പെട്ടു പോയവർ അതിന്റെ ആഘാതത്തിൽ നിന്ന മുക്തരാകാൻ സമയമെടുത്തു. വീടുകളിലേക്കു തിരിച്ചുപോയിട്ട് ജോലിക്കൊന്നും പോകാൻ കഴിയാതെ അവർ മനസ്സ് തളർന്ന് ഉന്മേഷം കെട്ടവരായ അവരെ മനക്കരുത്ത് പകർന്ന് പ്രവർത്തനനിരതരാക്കലായിരുന്നു .ലക്ഷ്യം കുട്ടികൾ ,വീട്ടമ്മമാർ എന്നിവർക്ക് പ്രത്യേകം കേന്ദ്രങ്ങൾക്കും വീടുവീടാന്തരം കയറി വ്യക്തിഗത കൗൺസിലിങ് ഗ്രൂപ്പ് കൗൺസിലിങ് നൽകുകയായിരുന്നു.

**അശ്വിൻ : രണ്ടു പേരും നമ്മൾ വിദ്യാർത്ഥികൾക്ക് പ്രചോദനമാണ്. അനുഭവങ്ങൽ പങ്കുവച്ചതിന് നന്ദി**



# നമ്മുടെ പയ്യാമ്പലം നമ്മുടെ ക്യാമറയിലൂടെ









## നന്ദി വാക്ക്...

എല്ലാവരോടുമാണ്...
മാർഗ്ഗനിർദ്ദേശം തന്ന
ഹെഡ് മിസ്ട്രസ് ജയശ്രീ ടീച്ചർ...
പ്രിയപ്പെട്ട കൈറ്റ്സ് മിസ്ട്രസുമാർ-
ജ്യോതി ടീച്ചർ,ആയിഷടീച്ചർ
മറ്റ് അധ്യാപകർ
രചനകൾ തന്ന കൂട്ടുകാർ....
എല്ലാവർക്കും നന്ദി......